**File no. GE-DA2/202/2024-GEDN.**

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-ശ്രീ ഗിരീഷ് കുമാർ വി വി, മുൻ എച്ച്.എസ്.എ (റിട്ട. എച്ച്.എം), ജി.എച്ച്.എസ്.എസ്, മൂഴക്കുന്ന്, കണ്ണൂർ-അച്ചടക്കനടപടി-അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.4082/2026/GEDN തീയതി,തിരുവനന്തപുരം, 22-06-2026

പരാമർശം:-
1. 05.10.2019-ലെ R3/109/2019-GEDN നം കുറ്റപത്രം
2. ശ്രീ ഗിരീഷ് കുമാർ വി വി സമർപ്പിച്ച 14.01.2020 ലെ പ്രതിവാദപത്രിക
3. 23.09.2025 ലെ DA2/202/2024 നം കാരണം കാണിക്കൽ നോട്ടീസ്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.11.2025-ലെ DGE/18250/2023-VB1 നം കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണ്ണൂർ യൂണിറ്റ് 15.12.2018 ൽ കണ്ണൂർ ജില്ലയിലെ വിവിധ ട്യൂഷൻ സെന്ററുകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ മൂഴക്കുന്ന് പാല ഗവ.ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എ ശ്രീ ഗിരീഷ് കുമാർ വിവി ഇരിട്ടിയിലുള്ള 'AIM PRTC' എന്ന സ്വകാര്യ കോച്ചിംഗ് സെന്ററിൽ ക്ലാസ് എടുക്കാൻ വരാറുണ്ടെന്ന് കണ്ടെത്തിയിരുന്നു.എന്നാൽ ക്ലാസ് എടുക്കുന്നത് നേരിട്ട് കണ്ടിട്ടില്ല. ആയതിനാൽ ടിയാനെതിരെ യുക്തമായ വകുപ്പുതല നടപടിയ്ക്ക് ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ടിയാനെതിരെ 1960-ലെ കെ.സി.എസ്(സിസി&എ) ചട്ടം 16 പ്രകാരം അച്ചടക്കനടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി ടിയാന് പരാമർശം(1) പ്രകാരം കുറ്റപത്രം , കുറ്റാരോപണ പത്രിക എന്നിവ നല്കിയിരുന്നു. ആയതിന് പരാമർശം(2) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ ശ്രീ.ഗിരീഷ് കുമാർ.വി.വി. ടിയാൻ

ആറളം സ്കൂളിൽ അധ്യാപകനായിരുന്ന കാലഘട്ടത്തിലാണ് സൗജന്യപരിശീലന പരിപാടിയുടെ ഭാഗമായി **AIM PRTC** എന്ന സ്ഥാപനത്തിന്റെ ഉടമയും വിമുക്ത ഭടനുമായ ശ്രീ.ദിനേശ് നെ പരിചയപ്പെടുന്നത് എന്നും പ്രസ്തുത സ്ഥാപനത്തിൽ സ്ഥിരമായി പൊതു വിജ്ഞാന ക്ലാസ്സെടുക്കുന്ന അധ്യാപകന്റെ അഭാവത്തിൽ ശ്രീ.ദിനേശ് -ന്റെ അഭ്യർത്ഥന പ്രകാരം ഞായറാഴ്ചകളിൽ രണ്ടു മണിക്കൂർ സൗജന്യപരിശീലന ക്ലാസ്സിന്റെ ഭാഗമായാണ് പങ്കെടുത്തത് എന്നും ടി ക്ലാസ്സ് എടുക്കുന്നതിന് യാതൊരു വിധ പ്രതിഫലവും കൈപ്പറ്റിയിട്ടില്ല എന്നും വാദിച്ചിരുന്നു.

**3.** സർക്കാർ അനുമതിയില്ലാതെ പി.എസ്.സി കോച്ചിംഗ് സെന്ററിൽ പൊതുവിഞ്ജാന ക്ലാസ് എടുക്കുന്നുവെന്ന ചാർജ്ജ് ടിയാൻ പ്രതിവാദപത്രികയിൽ സമ്മതിച്ചതിനാൽ കുറ്റപത്രത്തിലെ ചാർജ്ജുകൾ നിലനിൽക്കുന്നുവെന്ന് സർക്കാർ കാണുകയും ശ്രീ.ഗിരീഷ് കുമാർ വി വി-യ്ക്കെതിരെ സർക്കാർ തലത്തിൽ **1960**-ലെ കെ.സി.എസ്(സിസിഎ) ചട്ടം **16** പ്രകാരം ആരംഭിച്ച അച്ചടക്കനടപടി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി **1960**-ലെ കെ.സി.എസ്(സിസിഎ) ചട്ടം **11(1)(iii)** പ്രകാരം ടിയാന്റെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലപ്രാബല്യമില്ലാതെ തടയുന്ന ശിക്ഷ നല്കുവാൻ താത്കാലിക തീരുമാനമെടുത്ത് ടിയാന് പരാമർശം**(3)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ചെയ്തിരുന്നു.

**4.** എന്നാൽ ശ്രീ. ഗിരീഷ് കുമാർ വി.വി. ചെട്ടിയാംപറമ്പ് ജി.യു.പി.എസ്.-ലെ പ്രധാനാധ്യാപക തസ്തികയിൽ നിന്ന് **31-05-2025**-ന് വിരമിച്ചിട്ടുണ്ട് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

**5.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **1960**-ലെ **KCS(CC&A)** ചട്ടം **16** പ്രകാരം ശ്രീ. ഗിരീഷ് കുമാർ വി.വി. ക്കെതിരെ അച്ചടക്കനടപടി ആരംഭിച്ചതിനാൽ ടിയാനെതിരെ കെ.എസ്.ആർ ഭാഗം **III** ചട്ടം **3(a)** പ്രകാരം നടപടി തുടരാനാകില്ല. മേൽ സാഹചര്യത്തിൽ ടിയാനെതിരെ പരാമർശം**(1)** പ്രകാരം ആരംഭിച്ച അച്ചടക്കനടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

**6.** ടിയാനെതിരെ കെ.എസ്.ആർ പ്രകാരം അച്ചടക്കനടപടി തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

**1.** പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

**2.** ശ്രീ ഗിരീഷ് കുമാർ വി വി, എച്ച്.എം(റിട്ട)(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

**3.** വിജിലൻസ് വകുപ്പിന് (**04.06.2019** ലെ കത്ത് നം വിജി-ബി**2/326/2019** പ്രകാരം)

**4.** പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം

5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
7. വെബ്(കൈറ്റ്സ്/ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

**Signed by Dhanya M B**
**Date: 22-06-2026 16:19:28**

സെക്ഷൻ ഓഫീസർ

ബഹു:പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സ്പെഷൽ സെക്രട്ടറിയുടെ സി.എ ക്ക്